"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊന്നാനി നഗരസഭയിൽ 'പുനർഗേഹം' പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് സ്ഥാപിച്ച ഫ്ലാറ്റ് സമുച്ചയത്തിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലന ചുമതല ഏറ്റെടുക്കുന്നതിന് പൊന്നാനി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1516/2026/LSGD തീയതി,തിരുവനന്തപുരം, 13-08-2026

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2026 ലെ LSGD/PD/38216/2025-SWAG3 നമ്പർ കത്ത്
2. പൊന്നാനി മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ 24.11.2025 ലെ 1364306-2025 നമ്പർ കത്ത്
3. പൊന്നാനി നഗരസഭാ ചെയർപേഴ്സൺ സമർപ്പിച്ച 08.07.2026 ലെ PMC/CH/86/26 നമ്പർ കത്ത്

**ഉത്തരവ്**

പൊന്നാനി നഗരസഭയിൽ 'പുനർഗേഹം' പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് സ്ഥാപിച്ച ഫ്ലാറ്റ് സമുച്ചയത്തിലെ സീവേജ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പരിപാലന ചുമതല ഏറ്റെടുക്കുന്നതിന് നഗരസഭയ്ക്ക് അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

പരാമർശം (2) പ്രകാരം പൊന്നാനി നഗരസഭയിലെ 'പുനർഗേഹം' ഫ്ലാറ്റ് സമുച്ചയത്തിലെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലന ചുമതല പൊന്നാനി നഗരസഭ ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിച്ചിട്ടുള്ളതായും, നിലവിൽ 120 ഓളം കുടുംബങ്ങൾക്ക് ഉപയോഗം ചെയ്യുന്നതരത്തിലാണ് പ്രസ്തുത പ്ലാന്റ് സജ്ജീകരിച്ചിരിക്കുന്നതെന്നും നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രസ്തുത സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നഗരസഭ നേരിട്ട് നിർവ്വഹണം നടത്തിയ പദ്ധതി അല്ലാത്തതിനാലും നഗരസഭയുടെ ആസ്തിയിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും ആയതിൽ തുടർ പരിപാലനം നടത്തുന്നതിന് സാങ്കേതിക തടസ്സം നിലനിൽക്കുന്നുവെന്നും, പ്ലാന്റിന്റെ നടത്തിപ്പ് ഏറ്റെടുക്കുന്ന വിഷയത്തിൽ സർക്കാർ അനുമതി ലഭ്യമാക്കുന്നതിന് കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ് എന്നും പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പരിപാലനം നടത്തുന്നതിനുള്ള ധനകാര്യ ചെലവിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാലിന്യസംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായതിനാലും, പൊന്നാനി നഗരസഭയുടെ ആവശ്യം അപകട സാധ്യത കൂടിയ ഇടങ്ങളിലുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' ഫ്ലാറ്റിലെ മാലിന്യ സംസ്കരണ പ്ലാന്റിന്റെ പരിപാലനമായതിനാലും, പൊന്നാനി നഗരസഭാ പരിധിയിൽ 'പുനർഗേഹം' പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റ് സമുച്ചയത്തിലെ മാലിന്യം

നിർമ്മാർജനം ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുള്ള സ്വീവെജ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പരിപാലന ചുമതല ചുവടെ ചേർത്തിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി ഏറ്റെടുക്കുന്നതിന് പൊന്നാനി നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. നഗരസഭ ലഭ്യമാക്കിയിട്ടുള്ളത് പ്രകാരമുള്ള സ്വീവെജ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ ഓപ്പറേഷൻ & മെയിന്റനൻസ് ചെലവ് നീണ്ട കാലയളവിലേയ്ക്ക് ഏറ്റെടുക്കുന്നത് നഗരസഭയുടെ മറ്റ് ചുമതലകളെ ബാധിക്കില്ല എന്ന് ഉറപ്പാക്കേണ്ടതാണ്;

ii. സ്വീവെജ് ട്രീറ്റ്മെൻറ് പ്ലാന്റ് ഉപയോഗിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും യൂസർഫീ ഈടാക്കാനാകുമോ എന്ന വിഷയം നഗരസഭാ സെക്രട്ടറി പരിശോധിക്കേണ്ടതാണ്;

iii. മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ള ഫണ്ടിൽ നിന്ന് മാത്രമേ പ്രോജക്ടിനായി തുക വകയിരുത്താൻ പാടുള്ളൂ;

iv. സ്വീവെജ് ട്രീറ്റ്മെൻറ് പ്ലാന്റിന്റെ പരിപാലനത്തിനുള്ള പ്രൊജക്റ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നിർവ്വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി ധർമലശ്രീ ഐ എ എസ്
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
സെക്രട്ടറി, പൊന്നാനി നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം
മത്സ്യബന്ധന തുറമുഖ വകുപ്പ് (UO(F)No.C2/99/2026/F&P dated 29.03.2026)
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് (U.O(F)No.LSGD-DA1/150/2026-LSGD dated 01.07.2026)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഓഫീസ് പകർപ്പ്/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Digitally signed by
Krishnadev R L
Date: 13-08-2026
16:51:49
സെക്ഷൻ ഓഫീസർ